# പതിനാലാം കേരളനിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 1240** **05.03.2020 -ൽ മറുപടിയ്ക്ക്**

## ലക്ഷം വീടുകളിലെ ഇരട്ടവീടുകൾ ഒറ്റ വീടാക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.രാജു എബ്രഹാം :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന ഹൗസിങ് ബോർഡിന്റെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് ഇത്തരത്തിൽ വീട് നിർമ്മിച്ച് നൽകി എന്ന് അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബോർഡിൽ പുതുതായി പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്തു ആരംഭിച്ച ഗൃഹശ്രീ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 500 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഇരട്ട വീടുകളാണ് ഇത്തരത്തിൽ ഒറ്റ വീടുകൾ ആക്കി മാറ്റിയത്; ഇനിയും ഇത്തരത്തിൽ ഒറ്റ വീടുകൾ ആക്കി മാറ്റാൻ കഴിയാത്ത എത്ര ഇരട്ട വീടുകൾ സംസ്ഥാനത്ത് ഉണ്ടെന്ന് വിശദമാക്കാമോ; ഇവ ഒറ്റ വീടുകൾ ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇവർക്ക് എന്ന് വീട് വച്ച് നൽകാനാകും എന്ന് വിശദീകരിക്കാമോ? | (ബി) നടപ്പിലാക്കിയിട്ടുണ്ട്. ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിനും ഒറ്റ വീടുകൾ നവീകരിക്കുന്നതിനുമായി ലക്ഷ്യമിട്ടിരുന്ന 18,489-ൽ 12852 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് അതായത് 30/04/2016-നകം പുനർ നിർമ്മിച്ചിട്ടുണ്ട്. ബാക്കി 5637 വീടുകളാണുള്ളത്. പിന്നീട് എം.എൻ ലക്ഷം വീട് പദ്ധതിയ്ക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6.16 കോടി രൂപയിൽ 1.50 കോടി രൂപ ബോർഡിന് 2018-ൽ ലഭ്യമായതനുസരിച്ച് കണ്ണൂർ ജില്ലയിലെ പാനൂരിൽ 25 വീടുകൾ പുനർ നിർമ്മാണം നടത്തുകയുണ്ടായി.<br>ഒരു വീടിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കാസർഗോഡ് പുല്ലൂർ പെരിയയിൽ 8 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വീട്ടു നിർമ്മാണത്തിന്റെ പുരോഗതിയനുസരിച്ച് |

നാലു ഘട്ടങ്ങളിലായാണ് ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്.

6.16 കോടി രൂപയിൽ ഇനിയും ലഭിക്കുവാനുള്ള 4.66 കോടി രൂപ കൂടി ലഭ്യമാക്കുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചു വരുന്നു.

Sulekha S

സെക്ഷൻ ഓഫീസർ